# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2487 | 11-10-2011-ൽ മറുപടിയ്ക്ക്

## കായൽ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. വി . ശിവൻകുട്ടി<br>ശ്രീ. എ. എം. ആരിഫ്<br>ഡോ. കെ. ടി. ജലീൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
| (എ) കായൽ പുറമ്പോക്ക് ഭൂമികൾ കയ്യേറ്റം ചെയ്യപ്പെടുന്നതും അനധികൃതമായി മണൽ കടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ ; | (എ) ഉണ്ട്. കായൽ പ്രദേശങ്ങൾ കയ്യേറി അനധികൃതമായി കൈവശം വച്ചിട്ടുള്ളവർക്കെതിരെ കേരള ഭൂ സംരക്ഷണ നിയമം 1957 പ്രകാരം എൽ. സി. കേസ് രജിസ്റ്റർ ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ അനധികൃത മണൽ ഖനനത്തിനെതിരെ താലൂക്ക് മണൽ സ്ക്വാഡുകൾ മണൽ റെയ്ഡ് സംഘടിപ്പിക്കുകയും അനധികൃത മണൽ കടത്തുന്ന വാഹനങ്ങൾ സഹിതം കസ്റ്റഡിയിൽ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) ആക്കുളം കായൽ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ചെയ്യപ്പെടുകയുണ്ടായോ; കായൽ നവീകരണ പ്രവൃത്തിയുടെ കോൺട്രാക്ടർക്ക് ഇതിൽ പങ്കുള്ളതായി തെളിഞ്ഞിട്ടുണ്ടോ ; | (ബി) ഉണ്ടായി. 1 ഹെക്ടറോളം ഭൂമി വിവിധ കക്ഷികൾ കയ്യേറിയിട്ടുണ്ട്. കായൽ നവീകരണ പ്രവൃത്തിയുടെ കോൺട്രാക്ടർക്ക് ഇതിൽ പങ്കുള്ളതായി റവന്യു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അന്വേഷണത്തിൽ കുറ്റവാളികളെ കണ്ടെത്തുകയുണ്ടായോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; ആർക്കെല്ലാം എതിരെ കേസെടുത്തിട്ടുണ്ട് ? | (സി) അനനധികൃതമായി ഭൂമി കയ്യേറിയ 17 കക്ഷികൾക്കെതിരെ എൽ.സി. കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു. |

Rulaseedharanpillai

സെക്ഷൻ ഓഫീസർ